കൂടാതെ, മുഴുവൻ കർഷക തൊഴിലാളികൾക്കും ക്ഷേമനിധി അംഗങ്ങളാകുന്നതിന് അവസരം നൽകുകയും, ജോലിഭാരം ലഘൂകരിക്കുന്നതിനും, ആനുകൂല്യ വിതരണം ത്വരിതപ്പെടുത്തുന്നതിനും കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് വിതരണം ചെയ്യുന്നതിനുള്ള അധികാരം ജില്ലാ ആഫീസർമാർക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ, കുടിശ്ശിക ജോലി തീർക്കുന്നതിന് ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുകയുണ്ടായി. ഇതിനു പുറമെ ക്ഷേമ പ്രവർത്തനങ്ങളിൽ അനുവർത്തിക്കുന്ന നടപടിക്രമം ലഘൂകരിക്കുന്നതിന് പദ്ധതിയിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാർക്ക് തൊഴിൽ കാർഡും ക്ഷേമനിധിയും പെൻഷനും

62 (2640) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാർക്ക് തൊഴിൽ കാർഡും, ക്ഷേമനിധിയും, പെൻഷനും അനുവദിക്കുന്നത് സംബന്ധിച്ച് ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) ഈ ആവശ്യങ്ങൾ അംഗീകരിച്ച് നടപ്പാക്കുന്നതിനായി ഫോട്ടോഗ്രാഫർമാർ പ്രത്യക്ഷ സമര പരിപാടികൾ ആരംഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ഫോട്ടോഗ്രാഫർമാരെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി പരിഷ്ക്കരിച്ച് സമഗ്ര നിയമ നിർമ്മാണം നടത്തി ക്ഷേമ നിധി നിയമമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതിനുവേണ്ടി തയ്യാറാക്കിയ കരട് ബിൽ സർക്കാരിന്റെ പരിശോധനയിലാണ്. ക്ഷേമനിധി പ്രാബല്യത്തിൽ വരുമ്പോൾ തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യം ക്ഷേമനിധി ബോർഡിന് പരിഗണിക്കാവുന്നതാണ്.

ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി

63 (2641) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly